ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) സ്ഥലപ്പം വർദ്ധിച്ചിട്ടുണ്ട്.

(ബി) ന്യായവിലഷാപ്പുകൾവഴി കഴിയുന്നത്ര അരി കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുക എന്നതാണ് പരിപാടി.

(സി) ഇതുവരെ അറിയിച്ചിട്ടില്ല. കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

പാലക്കാട്ടു ജില്ലയിലെ ചില അംശങ്ങൾ.

* 1541. [35] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിലെ ചില അംശങ്ങൾ കോഴിക്കോട്ടു ജില്ലയിലേക്കും തൃശ്ശൂർ ജില്ലയിലേക്കും മാറ്റാനും കോഴിക്കോട്ടു ജില്ലയിൽനിന്നു ചില അംശങ്ങൾ പാലക്കാട്ടേക്കു കിട്ടാനും ജില്ലാ അധികൃതന്മാർ എന്തെങ്കിലും സ്പെഷ്യൽ ഗവണ്മെൻറിനു അയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇങ്ങനെ മാറണമെന്നു പറയുന്ന അംശങ്ങൾ ഏതെല്ലാമാണ് ;

(ബി) ഓരോപ്പാലം താലൂക്കിൽനിന്നു ഏതെങ്കിലും അംശം പെരിന്തൽമണ്ണ താലൂക്കിലേക്കു മാറ്റുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം അംശങ്ങളാണ് അവ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ, ബി) ഇല്ല. ബ്ലോക്കുകളേയും താലൂക്കുകളേയും പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ ഡിസ്ട്രിക്ട് ഡെവലപ്പുമെൻറ് കൗൺസിലുകളുടെ അഭിപ്രായങ്ങൾ ആരായുന്നതിനു അതാതു ഡിസ്ട്രിക്ട് കളക്ടർമാർക്കു നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ കളക്ടർമാരുടെ റിപ്പോർട്ടു കിട്ടിയതിനു ശേഷമേ നൽകാൻ സാധിക്കയുള്ളൂ.

എൻ. ജി. ഒ. മാർക്കു ട്രാൻസ്പോർട്ടു ബസ്സുകളിൽ സൌജന്യം.

* 1542. [36] ശ്രീ. എം. കുഞ്ഞുകൃഷ്ണൻനാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാർക്കു ട്രാൻസ്പോർട്ടു ബസ്സുകളിൽ സൌജന്യം ലഭിക്കണമെന്നു ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(സി) ഒടയിനിൽ ഡയിലി പാസഞ്ചേഴ്സിനു ഈ സൌജന്യം നൽകിവരുന്നതായി അറിയാമോ ?

കൊടുക്കാൻ സാധ്യമല്ല.

(സി) അറിയാം.

LIBRARY ARCHIVES Kerala Legislative Assembly